**മധുരമായ കുട്ടികളെ - ബാബ സ്വർഗ്ഗത്തിന്റെ അടിത്തറയിട്ടു കൊണ്ടിരിക്കുകയാണ്, നിങ്ങൾ കുട്ടികൾ സഹായികളായി മാറി തന്റെ ഓഹരി നിക്ഷേപിക്കൂ, ഈശ്വരീയ മതപ്രകാരം നടന്ന് ശ്രേഷ്ഠമായ പ്രാലബ്ധമുണ്ടാക്കൂ.**

**ചോദ്യം** - ബാപ്ദാദ ഏത് കുട്ടികളെയാണ് എപ്പോഴും അന്വേഷിക്കുന്നത്?
**ഉത്തരം** - വളരെ-വളരെ മധുരവും ശീതള സ്വഭാവമുള്ള സേവനയുക്തരായ കുട്ടികളെ. ബാബ അങ്ങനെയുള്ള കുട്ടികളെ അന്വേഷിക്കുന്നു. സർവ്വീസബിളായ കുട്ടികൾ തന്നെയാണ് ബാബയുടെ പേര് പ്രസിദ്ധമാക്കുക. എത്രത്തോളം ബാബയുടെ സഹായിയായി മാറുന്നോ, ആജ്ഞാകാരിയും വിശ്വസ്തരുമാണോ, അത്രത്തോളം അവർ സമ്പത്തിന് അധികാരിയുമായിത്തീരുന്നു.

**ഗീതം** - ഓം നമ: ശിവായ........

**ഓം ശാന്തി**. ഓം എന്നതിന്റെ അർത്ഥം ആരാണ് പറഞ്ഞുതന്നത്? ബാബ. ബാബ എന്ന് പറയുമ്പോൾ തീർച്ചയായും ബാബയക്ക് പേര് വേണം. സാകാരമായാലും നിരാകാരമായാലും പേര് തീർച്ചയായും വേണം. ബാക്കി ഏതെല്ലാം ആത്മാക്കളുണ്ടോ അവർക്ക് ഒരിക്കലും പേരുണ്ടാകില്ല. ആത്മാവ് എപ്പോഴാണോ ജീവാത്മാവായി മാറുന്നത് അപ്പോൾ ശരീരത്തിന് പേരിടുന്നു. ബ്രഹ്മാ ദേവതായ നമ: എന്ന് പറയുന്നു, വിഷ്ണുവിനെയും ദേവതയെന്ന് പറയുന്നു എന്തുകൊണ്ടെന്നാൽ ആകാരി ആയതുകൊണ്ട് ആകാരിയുടെ പേര് വന്നു. പേര് എപ്പോഴും ശരീരത്തിനാണ്. കേവലം ഒരേയൊരു നിരാകാരനായ പരംപിതാ പരമാത്മാവാണുള്ളത്, ശിവനെന്നാണ് പേര്. ഈ ഒന്നിന് മാത്രമാണ് ആത്മാവിന്റെ പേര്, ബാക്കി എല്ലാവരുടെയും ദേഹത്തിനാണ് പേരിടുന്നത്. ശരീരം ഉപേക്ഷിക്കുമ്പോൾ പിന്നീട് പേരും മാറും. പരമാത്മാവിന് ഒരു പേര് മാത്രമാണ്, ഒരിക്കലും മാറുന്നില്ല. പരമാത്മാവ് ഒരിക്കലും ജനന-മരണത്തിൽ വരുന്നില്ലായെന്ന് ഇതിലൂടെ തെളിയുന്നു. അഥവാ സ്വയം ജനന-മരണത്തിൽ വരുകയാണെങ്കിൽ മറ്റുള്ളവരെ ജനന-മരണത്തിൽ നിന്നും രക്ഷിക്കാൻ കഴിയില്ല. അമരലോകത്തിൽ ഒരിക്കലും ജനന-മരണമെന്ന് പറയുകയില്ല. അവിടെയാണെങ്കിൽ വളരെ സഹജ രീതിയിൽ ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്നെടുക്കുന്നു. മരിക്കുന്നത് ഇവിടെയാണ്. സത്യയുഗത്തിൽ ഇങ്ങനെ പറയുകയില്ല ഇന്നയാൾ മരിച്ചുവെന്ന്. മരിക്കുക എന്ന ശബ്ദം ദു:ഖത്തിന്റെയാണ്. അവിടെയാണെങ്കിൽ പഴയ ശരീരം ഉപേക്ഷിച്ച് വേറെ ബാല്യ അവസ്ഥയുടെ ശരീരമെടുക്കുന്നു. സന്തോഷം ആഘോഷിക്കുന്നു. പഴയ ലോകത്തിൽ എത്ര മനുഷ്യരാണ്, ഇതെല്ലാം നശിക്കാനുള്ളതാണ്. കാണിക്കുന്നുണ്ട് യാദവരും കൗരവരും ഉണ്ടായിരുന്നു, യുദ്ധത്തിൽ അവർ ഇല്ലാതായപ്പോൾ പാണ്ഡവർക്ക് വിഷമമുണ്ടായിട്ടുണ്ടാകുമോ? ഇല്ല. പാണ്ഡവരുടെ രാജ്യം സ്ഥാപിക്കപ്പെട്ടിട്ടുണ്ടാകും. ഈ സമയം നിങ്ങൾ ബ്രഹ്മാവംശീ ബ്രാഹ്മണരാണ്, ബ്രഹ്മാകുമാരന്മാരും കുമാരിമാരും. ബ്രഹ്മാവിന് ഇത്രയും കുട്ടികളുണ്ട് എങ്കിൽ തീർച്ചയായും പ്രജാപിതാവുമുണ്ട്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെ അച്ഛനാണ് ശിവൻ. അവരെ തന്നെയാണ് ഭഗവാൻ എന്ന് പറയുന്നത്. ഈ സമയം നിങ്ങൾക്കറിയാം നമ്മൾ ഈശ്വരീയ കുലത്തിലെയാണെന്ന്. നമ്മൾ ബാബയോടൊപ്പം, ബാബയുടെ വീട് നിർവ്വാണധാമത്തിലേക്ക് പോകുന്നവരാണ്. ബാബ വന്നു കഴിഞ്ഞു, ബാബയെ സാജൻ എന്നും പറയുന്നു. പക്ഷെ കൃത്യമായ സംബന്ധത്തിൽ ബാബ അച്ഛനാണ് എന്തുകൊണ്ടെന്നാൽ സമ്പത്ത് സജനിമാർക്ക് ലഭിക്കുകയില്ല. സമ്പത്ത് കുട്ടികളാണെടുക്കുന്നത് അതിനാൽ അച്ഛനെന്ന് പറയുന്നത് ശരിയാണ്. അച്ഛനെ മറന്നു പോയതിനാലാണ് മനുഷ്യർ നാസ്തികരായിത്തീർന്നത്. കൃഷ്ണന്റെ ചരിത്രം പാടപ്പെടുന്നുണ്ട്. പക്ഷെ കൃഷ്ണന്റെ ചരിത്രമാണെങ്കിൽ വേറെയില്ല. ഭാഗവതത്തിൽ കൃഷ്ണന്റെ ചരിത്രമുണ്ട് എന്നാൽ ചരിത്രം വേണം - ശിവബാബയുടെ. ശിവബാബ അച്ഛനും, ടീച്ചറും, സത്ഗുരുവുമാണ്, ഇതിൽ ചരിത്രത്തിന്റെ കാര്യമെന്താണ്. കൃഷ്ണന്റെയും ചരിത്രമില്ല. കൃഷ്ണനും കുട്ടിയാണ്. ചെറിയ കുട്ടികളെപ്പോലെ. കുട്ടികൾ സദാ ചഞ്ചലമാണ്, അതിനാൽ എല്ലാവർക്കും ഇഷ്ടപ്പെടുന്നു. കൃഷ്ണനെ ഇങ്ങനെ കാണിച്ചിട്ടുണ്ട് മൺകുടം പൊട്ടിച്ചു, അങ്ങനെ ഒന്നും തന്നെയില്ല. ശിവബാബയുടെ ചരിത്രമെന്താണ്? അതാണെങ്കിൽ നിങ്ങൾ കാണുന്നുണ്ട് പഠിപ്പിച്ച് പതിതരെ പാവനമാക്കുന്നു. പറയുന്നു ഭക്തി മാർഗ്ഗത്തിൽ ഞാൻ നിങ്ങളുടെ കാമന പൂർത്തീകരിക്കുന്നു. ബാക്കി ഇവിടെയാണെങ്കിൽ ഞാൻ പഠിപ്പിക്കുകയാണ്. ഈ സമയം ആരാണോ എന്റെ കുട്ടികൾ, അവർ തന്നെയാണ് എന്നെ ഓർമ്മിക്കുന്നത്. ബാക്കി എല്ലാവരുടെ ഓർമ്മയും മറന്ന് ഒരു ബാബയുടെ ഓർമ്മയിലിരിക്കാൻ പ്രയത്നിക്കുന്നു. ഞാൻ സർവ്വ വ്യാപിയല്ല. എന്നെ ആരാണോ ഓർമ്മിക്കുന്നത്, ഞാനും അവരെ ഓർമ്മിക്കുന്നു. എങ്കിലും കുട്ടികളെ തന്നെയാണ് ഓർമ്മിക്കുക. മുഖ്യമായ കാര്യം ഒന്ന് മാത്രമാണ്. ഏതെങ്കിലും വലിയ ആളുകൾക്ക്

മനസ്സിലാക്കി കൊടുത്ത് കാണിച്ചാലേ സമർത്ഥനെന്ന് പറയൂ. മുഴുവൻ ആധാരവും ഗീതയിലാണ്. ഗീത നിരാകാരനായ പരംപിതാ പരമാത്മാവിന്റെയാണെന്ന് പാടപ്പെടുന്നു, മനുഷ്യന്റെയല്ല. ഭഗവാനെ രുദ്രനെന്നും പറയപ്പെടുന്നു. കൃഷ്ണനെ രുദ്രനെന്ന് പറയുകയില്ല. രുദ്ര ജ്ഞാന യജ്ഞത്തിലൂടെ തന്നെയാണ് വിനാശ ജ്വാല വരുന്നത്.

പലരും പരമാത്മാവിനെ യജമാനനെന്ന് പറഞ്ഞ് ഓർമ്മിക്കുന്നു. പറയുന്നു ആ അധികാരിക്ക് പേരില്ല. ശരി അങ്ങനെയങ്കിൽ ആ യജമാനൻ എവിടെയാണ്? എന്താ അവർ വിശ്വത്തിന്റെ, മുഴുവൻ സൃഷ്ടിയുടെ യജമാനനാണോ? പരംപിതാ പരമാത്മാവാണെങ്കിൽ സൃഷ്ടിയുടെ യജമാനനാകുന്നില്ല, സൃഷ്ടിയുടെ യജമാനനാകുന്നത് ദേവീ ദേവതകളാണ്. പരംപിതാ പരമാത്മാവാണെങ്കിൽ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. ബ്രഹ്മ തത്വം ബാബയുടെ വീടാണ് അതിനാൽ നമ്മൾ കുട്ടികളുടെയും വീടാണ്. ബ്രഹ്മാണ്ഡം ബാബയുടെ വീടാണ്, അവിടെ ആത്മാക്കൾ മുട്ട പോലെ കാണിക്കുന്നു. അങ്ങനെയൊന്നും ഇല്ല. നമ്മൾ ആത്മാക്കൾ ജ്യോതിബിന്ദു അവിടെ വസിക്കുന്നു, പിന്നീട് ബ്രഹ്മാണ്ഡത്തിൽ താഴെക്ക് വരുന്നു പാർട്ടഭിനയിക്കുന്നതിന് വേണ്ടി, നമ്മൾ ഒന്നിന് പുറകേ ഒന്നായി വന്നു കൊണ്ടിരിക്കുന്നു. വൃക്ഷം വൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുന്നു. ബാബ ബീജരൂപമാണ്, അടിത്തറ ദേവീ ദേവതകളുടെതാണെന്ന് പറയുമോ അതോ ബ്രാഹ്മണരുടെതാണെന്ന് പറയുമോ. ബ്രാഹ്മണർ ബീജം ഇടുന്നു. ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതയായി മാറി രാജ്യം ഭരിക്കുന്നത്. ഇപ്പോൾ നമ്മളിലൂടെ ശിവബാബ അടിത്തറ ഇട്ടുകൊണ്ടിരിക്കുകയാണ്. ദൈവീകം അർത്ഥം സ്വർഗ്ഗത്തിന്റെ അടിത്തറയിട്ടു കൊണ്ടിരിക്കുകയാണ്. എത്ര ആര് സഹായി ആകുന്നോ അത്രയും അവർ തന്റെ പങ്ക് നേടും. ഇല്ലായെങ്കിൽ എങ്ങനെ സൂര്യ വംശിയാകും! ഇപ്പോൾ നിങ്ങൾ ആ ഉയർന്ന പ്രാലബ്ധം ഉണ്ടാക്കികൊണ്ടിരിക്കുകയാണ്. ഓരോരുത്തരും പുരുഷാർത്ഥത്തിലൂടെ പ്രാലബ്ധം ഉണ്ടാക്കികൊണ്ടിരിക്കുകയാണ്. പ്രാലബ്ധം ഉണ്ടാക്കുന്നതിന് വേണ്ടി നല്ല കർമ്മം ചെയ്യുകയാണ്. ദാന-പുണ്യം ചെയ്യുക, ധർമ്മശാല മുതലായവ ഉണ്ടാക്കുക. എല്ലാം ഈശ്വരാർത്ഥം തന്നെയാണ് ചെയ്യുന്നത് എന്തുകൊണ്ടെന്നാൽ അതിന്റെ ഫലം തരുന്നത് ഈശ്വരനാണ്. നിങ്ങൾ ഇപ്പോൾ ശ്രീമതത്തിലൂടെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കി ലോകത്തിലുള്ളവർ മുഴുവൻ മനുഷ്യമതത്തിൽ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. അതും ആസുരീയ മതമാണ്. ഈശ്വരീയ മതത്തിന് ശേഷം ദൈവീക മതം, പിന്നീട് ആസുരീയ മതമായി മാറുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈശ്വരീയ മതം ലഭിച്ചിരിക്കുന്നു. ബാബയും മമ്മയും ഭഗവാന്റെ മതത്തിലൂടെ ശ്രേഷ്ഠരായി മാറുന്നു. ഒരു മനുഷ്യർക്കും ദേവതകളെ പോലെ ശ്രേഷ്ഠരാകാൻ സാധിക്കില്ല. ദേവതകളെ ശ്രേഷ്ഠരാക്കി മാറ്റുന്നതാരാണ്? ഇവിടെയാണെങ്കിൽ ആരും ശ്രേഷ്ഠരല്ല. ശ്രീ ശ്രീ ഒന്ന് മാത്രമാണ് അവർ തന്നെയാണ് ഏറ്റവും ഉയർന്നതിലും ഉയർന്ന അച്ഛൻ, ടീച്ചർ, സത്ഗുരു. അവരാണ് പിന്നീട് ശ്രീ ലക്ഷ്മീ നാരായാണനാക്കി മാറ്റുന്നത്. കേവലം രാമനെയും ശ്രീ സീതാ, ശ്രീ രാമൻ എന്ന് പറയുന്നു. പക്ഷെ അവരുടെ പുറകിൽ ക്ഷത്രിയൻ, ചന്ദ്രവംശീ എന്ന് ചേർക്കുന്നു. ആ ലക്ഷ്മീ നാരായണനാണെങ്കിൽ 16 കലാ സമ്പൂർണ്ണൻ സൂര്യവംശീ ദേവതാ കുലമാണ്, രാമനും സീതയും 14 കലാ ചന്ദ്രവംശിയാണ്. രണ്ട് കല കുറഞ്ഞില്ലേ. തീർച്ചയായും അങ്ങനെ ആകുക തന്നെ വേണം. മനുഷ്യർ ഇത് അറിയുന്നില്ല സൃഷ്ടിയുടെ ഇറങ്ങുന്ന കല ഉണ്ടാകുന്നുവെന്ന്. 16 കലയിൽ നിന്ന് 14 കലയായി, അപ്പോൾ അധ:പതിച്ചില്ലേ. ഈ സമയം തികച്ചും തമോപ്രധാനമാണ്. ഇതാണ് രാവണ സമ്പ്രദായം. രാവണ രാജ്യമാണല്ലോ. രാവണമതത്തെ ആസുരീയ മതമെന്ന് പറയുന്നു. എല്ലാവരും പതിതരാണ്. ഈ പതിത ലോകത്തിൽ ആരും തന്നെ പാവനമായിട്ടുണ്ടാവുക സാധ്യമല്ല. ഭാരതവാസികൾ ആരാണോ പാവനമായിരുന്നത് അവർ തന്നെയാണ് പിന്നീട് പതിതമായിത്തീർന്നത് പിന്നെ അവരെ തന്നെയാണ് ഞാൻ വന്ന് പാവനമാക്കി മാറ്റുന്നത്. പതിത പാവനനെന്ന് കൃഷ്ണനല്ല പാടപ്പെടുന്നത്. ചരിത്രത്തിന്റെ കാര്യവുമില്ല. പതിത പാവനനെന്ന് ഒരേയൊരു പരമാത്മാവിനെ മാത്രമേ പറയൂ. പിന്നീട് എല്ലാവരും പറയും അല്ലയോ പ്രഭൂ അങ്ങയുടെ ഗതിയും മതവും വേറിട്ടതാണ്. അങ്ങയുടെ രചനയെ ആരും അറിയുന്നില്ല. അത് ഇപ്പോൾ നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. ഈ ജ്ഞാനം തികച്ചും പുതിയതാണ്. പുതിയ വസ്തു എന്തെങ്കിലും ഉണ്ടാകുമ്പോൾ ആദ്യം കുറച്ചുണ്ടാകുന്നു പിന്നീട് വർദ്ധിക്കുന്നു. നിങ്ങളും ആദ്യം ഒരു കോണിൽ മാത്രമായിരുന്നു. ഇപ്പോൾ ദേശ-ദേശാന്തരം വൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുന്നു. തീർച്ചയായും രാജധാനി സ്ഥാപിതമാകണം. മുഖ്യമായ കാര്യം ഇത് തെളിയിക്കണം ഗീതയുടെ ഭഗവാൻ ശ്രീകൃഷ്ണനല്ല എന്ന്. സമ്പത്ത് ബാബ തരും, കൃഷ്ണനല്ല. ലക്ഷ്മീ നാരായണനും തന്റെ കുട്ടികൾക്ക് സമ്പത്ത് നൽകും. അതും ഇവിടുത്തെ പുരുഷാർത്ഥത്തിന്റെ പ്രാലബ്ധമാണ് ലഭിക്കുന്നത്. സത്യ-ത്രേതാ യുഗത്തിൽ പരിധിയില്ലാത്ത സമ്പത്താണ്. ഗോൾഡൻ, സിൽവർ ജൂബിലി ആഘോഷിക്കുന്നു. ഇവിടെയാണെങ്കിൽ ഒരു ദിവസം ആഘോഷിക്കുന്നു. നമ്മളാണെങ്കിൽ 1250 വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുന്നു. സന്തോഷം ആഘോഷിക്കാറുണ്ടല്ലോ. വളരെ സമ്പന്നരായിത്തീരുന്നു. അതിനാൽ ഉള്ളിൽ വളരെയധികം സന്തോഷമുണ്ടാകുന്നു. കേവലം പുറത്ത് നിന്ന് ചന്ദനത്തിരികൾ മുതലായവ കത്തിക്കുന്നു ഇങ്ങനെയല്ല.

സ്വർഗ്ഗത്തിൽ നമ്മൾ തികച്ചും സമ്പന്നരും, വളരെ സുഖികളുമായിത്തീരുന്നു. ദേവതാ ധർമ്മത്തെ പോലെ സുഖികളായി വേറെ ആരും തന്നെ ഉണ്ടായിരിക്കില്ല. പിന്നെ സിൽവർ ജൂബിലി തുടങ്ങിയവയേയും പൂർണ്ണമായും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ പകുതി കല്പത്തിന്റെ ജൂബിലി ആഘോഷിക്കുന്നതിന് വേണ്ടി ബാബയിൽ നിന്ന് സമ്പത്ത് നേടികൊണ്ടിരിക്കുകയാണ്. അതിനാൽ മുഖ്യമായ കാര്യം ഇത് മനസ്സിലാക്കേണ്ടതാണ് ഗീതയുടെ ഭഗവാൻ ശിവനാണ്. അവരിലൂടെ തന്നെയാണ് രാജയോഗം പഠിച്ചിരുന്നത്, അത് ഇപ്പോൾ വീണ്ടും പഠിച്ചുകൊണ്ടിരിക്കുന്നു. പഠിപ്പിക്കുന്നതും അപ്പോഴാണ് എപ്പോഴാണോ രാജ്യഭാഗ്യം ഇല്ലാതാകുന്നത്. പ്രജയുടെ മേൽ പ്രജയുടെ രാജ്യമാണ്. പരസ്പരം കിരീടം അഴിപ്പിക്കാൻ താമസമൊന്നുമില്ല. നിങ്ങൾ കുട്ടികൾ ബാബയുടെ മതത്തിൽ നടക്കുന്നതിനാൽ സുഖധാമത്തിലെ അധികാരിയാകും. ഇങ്ങനെ അനേകരുണ്ട് ജ്ഞാനത്തെ പൂർണ്ണമായും ധാരണ ചെയ്യാത്തവർ, പക്ഷെ സെന്ററിൽ വന്നു കൊണ്ടിരിക്കുന്നുണ്ട്. ഉള്ളിൽ ആശ വെക്കുകയാണ് ഒരു കുട്ടിക്ക് ജന്മം നൽകണം. മായയുടെ പ്രലോഭനമുണ്ടാകുന്നു വിവാഹം കഴിച്ച് ഒരു കുട്ടിയുടെ സുഖം നേടാം. കുട്ടി സുഖം തരുമെന്ന് ഗ്യാരണ്ടിയൊന്നുമില്ലല്ലോ. രണ്ട് നാല് വർഷത്തിൽ കുട്ടി മരിച്ചു പോയി എങ്കിൽ ഒന്നു കൂടി ദു:ഖമാകും. ഇന്ന് വിവാഹം ചെയ്യുന്നു നാളെ ചിതയിൽ ഇരുത്തുന്നു അപ്പോൾ കരയുകയും വേദനിക്കേണ്ടിയും വരുന്നു. ഇത് ദു:ഖധാമമാണ്. നോക്കൂ, കഴിക്കുന്നതു പോലും എങ്ങനെയാണ് കഴിക്കുന്നത്! അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് കുട്ടികളെ അങ്ങനെയുള്ള ആശകൾ വെക്കരുത്. മായ വളരെ വലിയ കൊടുങ്കാറ്റിൽ കൊണ്ട് വരും. പെട്ടെന്ന് വികാരത്തിൽ വീഴ്ത്തും. പിന്നീട് വരുന്നതിലും ലജ്ജ വരും. എല്ലാവരും പറയും കുലത്തെ കളങ്കിതമാക്കി അതിനാൽ സമ്പത്തെങ്ങനെ നേടും. ബാബയും മമ്മയും പറയുകയാണ് ബ്രഹ്മാകുമാരനും കുമാരിയും പരസ്പരം സഹോദരീ – സഹോദരനുമാണ്. പിന്നീട് അഥവാ വികാരത്തിൽ വീണുവെങ്കിൽ അതുപോലെ കുലകളങ്കിതൻ, ഒന്ന് കൂടി നൂറ് മടങ്ങ് കടുത്ത ശിക്ഷ അനുഭവിക്കുകയും പദവിയും ഭ്രഷ്ടമാകും. ചിലരാണെങ്കിൽ വികാരത്തിൽ പോയി പിന്നെ പറയുകയേയില്ല എങ്കിൽ വളരെയധികം ശിക്ഷക്ക് പാത്രമായിത്തീരുന്നു. ധർമ്മരാജനായ ബാബ ആരെയും വിടുകയില്ല. അവരാണെങ്കിൽ ശിക്ഷ ജയിലിൽ അനുഭവിക്കുന്നു. എന്നാൽ ഇവിടെയുള്ളവർക്ക് വളരെ കടുത്ത ശിക്ഷയാണുള്ളത്. ഇങ്ങനെയുള്ളവരും സെന്ററുകളിൽ ഒരുപാട് വരുന്നുണ്ട്. ബാബ മനസ്സിലാക്കി തരുന്നു അങ്ങനെയുള്ള കാര്യം ചെയ്യരുത്. പറയണം നമ്മൾ ഈശ്വരീയ സന്താനങ്ങൾ പിന്നെ വികാരത്തിൽ പോവുക, ഇതാണെങ്കിൽ തന്റെ തന്നെ സത്യനാശം ചെയ്യലാണ്. എന്തെങ്കിലും തെറ്റു പറ്റിയെങ്കിൽ ഉടൻ ബാബയോട് പറയൂ. വികാരമില്ലാതെ ഇരിക്കാൻ കഴിയില്ലെങ്കിൽ ഇവിടെ വരരുത് അതാണ് നല്ലത്. ഇല്ലായെങ്കിൽ അന്തരീക്ഷം മോശമാകുന്നു. നിങ്ങളുടെയിടയിൽ ഏതെങ്കിലും കൊറ്റി അഥവാ അശുദ്ധ ഭോജനം കഴിക്കുന്നവർ ഇരിക്കുന്നുണ്ടെങ്കിൽ എത്ര മോശമായിരിക്കും. ബാബ പറയുന്നു അങ്ങനെയുള്ളവരെ കൊണ്ട് വരുന്നവരുടെ മേൽ ദോഷം വരുന്നു. ലോകത്തിൽ അങ്ങനെയുള്ള സത്സംഗങ്ങൾ അനവധിയുണ്ട്, അവിടെ പോയി ഭക്തി ചെയ്യണം. ഭക്തി ചെയ്യുന്നതിൽ നാം വിലക്കുന്നില്ല. ഭഗവാൻ വരുന്നത് പവിത്രമാക്കി മാറ്റാനാണ്, പവിത്രമായ വൈകുണ്ഠത്തിന്റെ സമ്പത്ത് നൽകാനാണ്. ബാബ പറയുന്നു കേവലം ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ. അത്രമാത്രം, ബാക്കി ഭക്ഷണ–പാനിയങ്ങളുടെ പഥ്യത്തിന്റെ യുക്തികളും പറഞ്ഞുതരുന്നു. പഥ്യത്തിന് വേണ്ടി ഒരുപാട് തരത്തിലുള്ള യുക്തികളും പ്രയോഗിക്കാൻ കഴിയും. ആരോഗ്യം മോശമാണ്, ഡോക്ടർ അരുതെന്ന് പറഞ്ഞിട്ടുണ്ട്. ശരി താങ്കൾ പറയുകയാണെങ്കിൽ ഞാൻ പഴം കഴിച്ചോളാം. തന്റെ രക്ഷക്ക് വേണ്ടി ഇങ്ങനെ പറയുന്നത് കള്ളമൊന്നുമല്ല. ബാബ അരുതെന്ന് പറയുന്നില്ല. അപ്രകാരമുള്ള കുട്ടികളുടെ അന്വേഷണത്തിലാണ് ബാബ, ആരാണോ തികച്ചും മധുരം, ഒരു പഴയ സ്വഭാവവും ഇല്ലാത്തത്. സർവ്വീസബിൾ, വിശ്വസ്തൻ, ആജ്ഞാകാരീ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1. ഈ മായാവി ലോകത്തിൽ ഓരോ കാര്യത്തിലും ദു:ഖമാണ്, അതിനാൽ പഴയ ലോകത്തിൽ ഒരു ആശയും വെക്കരുത്. കേവലം മായയുടെ കൊടുങ്കാറ്റ് വരും എന്നാൽ ഒരിക്കലും കുല കളങ്കിതരാകരുത്.

2. ഭക്ഷണ പാനിയത്തിൽ വളരെയധികം പഥ്യം വെക്കണം, പാർട്ടി തുടങ്ങിയവക്ക് പോയാൽ വളരെ യുക്തിയോടെ പെരുമാറണം.

**വരദാനം:- തിന്മയിലും തിന്മയെ നോക്കാതെ നന്മയുടെ പാഠം പഠിക്കുന്ന അനുഭവീ മൂർത്തിയായി ഭവിക്കട്ടെ.**

എല്ലാ കാര്യങ്ങളും മോശമാണെങ്കിലും അതിൽ ഒന്നുരണ്ടെണ്ണം നല്ലത് തീർച്ചയായും ഉണ്ടാകും. പാഠം പഠിപ്പിക്കുവാനുള്ള നന്മ ഏതൊരു കാര്യത്തിലും അടങ്ങിയിട്ടുള്ളത് തന്നെയാണ്, എന്തുകൊണ്ടെന്നാൽ ഏതൊരു കാര്യവും അനുഭവിയാക്കുന്നതിൽ നിമിത്തമായി മാറുന്നു. ക്ഷമയുടെ പാഠം പഠിപ്പിക്കുന്നു. ഒരാൾ ആവേശപ്പെട്ടുകൊണ്ടിരിക്കുന്നു, താങ്കൾ ആ സമയത്ത് ക്ഷമയുടെയും സഹനശീലതയുടെയും പാഠം പഠിച്ചുകൊണ്ടിരിക്കുന്നു, അതിനാൽ പറയാറുണ്ട്, എന്ത് സംഭവിച്ചുകൊണ്ടിരിക്കുന്നുവോ അത് നല്ലത്, സംഭവിക്കാനിരിക്കുന്നത് അതിലും നല്ലത്. എല്ലാറ്റിലും നന്മ ദർശിക്കുന്നതിന് കേവലം ബുദ്ധി വേണം. തിന്മയെ നോക്കാതെ നന്മയെ സ്വീകരിക്കൂ എങ്കിൽ നമ്പർ വൺ ആയിമാറും.

**സ്ലോഗൻ:- സദാപ്രസന്നചിത്തരാകണമെങ്കിൽ സൈലൻസിന്റെ ശക്തിയിലൂടെ മോശമായതിനെ നല്ലതിലേക്ക് പരിവർത്തനം ചെയ്യൂ.**